ഹയസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

എ.സി.ഡി.സി1/30991/2016/എച്ച്.എസ്.ഇ തീയതി-10/08/2016

# സർക്കുലർ

വിഷയം-ഹ.സെ.വി-ചിങ്ങം1 കർഷക ദിനമായി ആചരിക്കുന്നത് സംബന്ധിച്ച്-
സൂചന-22/07/2016-ലെ 71143/ജി3/16/പൊ.വി.വ നമ്പർ സർക്കുലർ.

സൂചനയിലെ സർക്കുലർ പ്രകാരം ചിങ്ങം 1 (ആഗസ്റ്റ് 17) കർഷക ദിനമായി ആചരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കർഷകനെ/കർഷകയെ ആദരിച്ചുകൊണ്ടാണ് ഹയർസെക്കന്ററി സ്കൂളുകൾ ഇത്തവണ കർഷകദിനം ആചരിക്കേണ്ടത്. സ്കൂളിന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതെങ്കിലുമൊരു നാടൻ കർഷകനെയോ കർഷകയെയോ ഇതിനായി കണ്ടെത്തണം. കർഷക ദിനത്തിൽ രാവിലെ പ്രത്യേകം തയ്യാറാക്കിയ വേദിയിൽവെച്ച് അവർ തങ്ങളുടെ കൃഷിയനുഭവങ്ങൾ പങ്കുവെയ്ക്കട്ടെ. വിത്ത്, വിത, വിള, വളം, കൊയ്ത്ത്, മഴ, മണ്ണ് തുടങ്ങിയവയെപ്പറ്റിയൊക്കെ കുട്ടികളുമായി സംവദിക്കാനുതകും വിധമാകണം ഈ സംവാദം. സംവാദത്തിനുശേഷം നിറഞ്ഞ സദസ്സിൽ അദ്ദേഹത്തെ ആദരിക്കണം. ഈ ആദരവിന്റെ പ്രാധാന്യം വിശദീകരിക്കാൻ വിദ്യാർത്ഥി പ്രതിനിധികൾക്ക് അവസരം നൽകണം. തുടർന്ന് അതത് പ്രദേശങ്ങളിലെ കൃഷി ഓഫീസുമായി ബന്ധപ്പെട്ട് പച്ചക്കറി വിത്തുകൾ ശേഖരിച്ച് കുട്ടികൾക്ക് വിതരണം ചെയ്യണം. വീട്ടിലൊരു കൃഷിത്തോട്ടം നിർമ്മിക്കാൻ പ്രചോദനമാകും വിധമായിരിക്കണം വിത്ത് വിതരണം. ഇത്തവണത്തെ കർഷകദിനം ഈ രീതിയിൽ സമുചിതമായി ആചരിക്കാനാവശ്യമായ മുന്നൊരുക്കം എല്ലാ ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരും നിർബന്ധമായും നടത്തേണ്ടതാണ്.

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**